**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3477** **12-03-2025 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയിലെ പുതിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക മേഖലയിൽ പുതുതായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന പുതിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1) ഞങ്ങളും കൃഷിയിലേക്ക്** - സംസ്ഥാനത്തെ ഓരോ വ്യക്തിയെയും കുടുംബത്തെയും കൃഷിയിലേക്ക് ആകർഷിക്കുവാനും സ്വന്തമായി കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്നതിനും, അതുവഴി കാർഷികമേഖലയിൽ ജനകീയ മുന്നേറ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് "ഞങ്ങളും കൃഷിയിലേക്ക്" എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കിയത് . ഇതിന്റെ ഭാഗമായി ഉല്പാദനം, സേവനം, മൂല്യവർദ്ധനവ്, വിപണി എന്നീ മേഖലകളിലായി കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയുണ്ടായി.<br><br>**2) കൃഷിയിടാധിഷ്ഠിത ആസൂത്രണം-** കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് വിള അധിഷ്ഠിത കൃഷിരീതിയിൽ നിന്നും മാറി വിളയിട അധിഷ്ഠിത കൃഷിരീതി നടപ്പാക്കി. ഓരോ കൃഷിയിടത്തിന്റെയും ശക്തി, ദൗർബല്യങ്ങൾ സാധ്യതകൾ എന്നിവ മനസ്സിലാക്കിയുള്ള ആസൂത്രണമാണ് ഫാംപ്ലാൻ വഴി നടപ്പാക്കുന്നത്.<br><br>**3) കൃഷിക്കൂട്ടങ്ങൾ-** കർഷകരെ ഏകോപിപ്പിച്ചുകൊണ്ട് ഉല്പാദന-സേവന-മൂല്യവർദ്ധന മേഖലകളിൽ കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഉല്പാദന,സേവന,മൂല്യവർദ്ധനവ് മേഖലയിൽ 23568 കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുവാനായി.<br><br>**4) സ്മാർട്ട് കൃഷി ഭവൻ** - ഉല്പാദനം, വിപണനം, സംസ്കരണം, വായ്പാ പിന്തുണ, ഇൻഷ്വറൻസ് തുടങ്ങി കൃഷിയുടെ എല്ലാ മേഖലകളിലും കർഷകർക്ക് പരമാവധി സേവനം ലഭ്യമാക്കുന്നതിനായി കൃഷി ഭവനുകളുടെ പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക, അടിസ്ഥാനസൗകര്യ വികസനം എന്നിവ ലക്ഷ്യമിട്ട് കൃഷിഭവനുകളെ 'സ്മാർട്ട് കൃഷി ഭവനുകളായി' പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

**5) കൃഷി ദർശൻ** - കാർഷിക ബ്ലോക്കുകൾ അടിസ്ഥാനപ്പെടുത്തി കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടിതീർപ്പ കല്പിക്കുന്നതിനും ആ പ്രദേശത്തേക്ക് വേണ്ട ദീർഘ കാലാടിസ്ഥാനത്തിലുള്ള പദ്ധതികളും ആവിഷ്കരിക്കുന്നതിന് കൃഷി മന്ത്രി തന്നെ ഉദ്യോഗസ്ഥരോടും വിദഗ്ധരോടുമൊപ്പം ഫീൽഡിലേക്കിറങ്ങി നടത്തുന്ന പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമാണ് കൃഷിദർശൻ.ഇതുവരെ,തൃശ്ശൂർ ജില്ലയിലെ ഒല്ലൂർക്കര,കണ്ണൂർ ജില്ലയിലെ തലശ്ശേരി,തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് എന്നീ ബ്ലോക്കുകളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിക്കുകയുണ്ടായി.

**6) കേരള അഗ്രോ ബിസിനെസ് കമ്പനി** - സംസ്ഥാനത്ത് ഊർജ്ജിതമായ കാർഷിക സംഭരണ വിപണന സംവിധാനം ഒരുക്കുന്നതിനായി കേരള അഗ്രോബിസിനസ് കമ്പനി (കാബ്കോ) രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**7)കതിർ ആപ്പ്** - നിലവിലെ സാഹചര്യത്തിന്റെ സാങ്കേതികവിദ്യാധിഷ്ഠിത സ്വഭാവം കണക്കിലെടുത്തുകൊണ്ട് നൂതന സാങ്കേതിക വിദ്യയുടെ മേഖലയിലേക്ക് കർഷകരെയും വകുപ്പിനെയും നയിക്കുന്നതിന്റെ ഭാഗമായി കേരള കൃഷി ഹബ് ,കതിർ ആപ്പ് എന്നിവ കർഷകർക്ക് ലഭ്യമാണ്. കർഷകർക്കാവശ്യമായ എല്ലാ സേവനങ്ങളും കതിർ ആപ്പിലൂടെ ലഭ്യമാണ് കൂടാതെ AIMS പോർട്ടൽ, തുടങ്ങിയ വിവരസാങ്കേതിക വിദ്യാധിഷ്ഠിത പരിഷ്കാരങ്ങളും നടപ്പിലാക്കിയിട്ടുണ്ട് .

**8) ഇ-ഓഫീസ് സംവിധാനം-** കൃഷി ഓഫീസ് തലം മുതൽ കൃഷി ഡയറക്ടേറ്റ് വരെ പൂർണമായും ഇ-ഓഫീസ് സംവിധാനം തയ്യാറായി. ഇതോടെ കടലാസുരഹിത ഓഫീസുകളായി കൃഷി വകുപ്പിനു കീഴിലുള്ള ഓഫീസുകളെ മാറ്റുവാൻ സാദ്ധ്യമായി.

**9)കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി(കേര)** - ലോകബാങ്ക് ധനസഹായത്തോടെയുള്ള 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി' 2024-25 ൽ ആരംഭിക്കും. ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം ഉറപ്പ് വരുത്തുകയും അത് വഴി പ്രാദേശിക സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

**10) ഫ്രൂട്ട് ക്ലസ്റ്ററുകൾ സ്ഥാപിക്കൽ** - ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിലൂടെ നാടൻ, വിദേശ ഫലസസ്യങ്ങളുടെ വിപണിയധിഷ്ഠിത ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുവാൻ ലക്ഷ്യമിടുന്നു .

**11) പോഷക സമൃദ്ധി മിഷന്റെ രൂപീകരണം** - കേരള ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുന്ന രീതിയിൽ കേരളത്തിലെ കാർഷിക മേഖലയെ സമയബന്ധിതമായി കൂടുതൽ ഫലപ്രദവും ചലനാത്മകവുമാക്കുന്നതിനും ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ്, ആരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് പൊതുസമൂഹത്തിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് പോഷക സമൃദ്ധി മിഷൺ രൂപീകരിച്ചു.

**12) ജൈവ കാർഷിക മിഷൻ** - ജൈവ കാർഷിക രീതികളിലൂടെ സുരക്ഷിതമായി കഴിക്കാവുന്ന ഭക്ഷ്യ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നിലവിലുള്ള ജി.എ.പി ക്ലസ്റ്ററുകളുടെ ശാക്തീകരണം, പുതിയ ജി.എ.പി ക്ലസ്റ്ററുകൾക്കുള്ള പ്രോത്സാഹന സഹായം, പച്ചിലവളത്തിന്റെ പ്രോത്സാഹനം, ശാസ്ത്രീയ ജൈവവളം തയ്യാറാക്കുന്നതിനുള്ള മാതൃകാ യൂണിറ്റുകളുടെ വികസനം, ഭക്ഷ്യ ഉൽപ്പാദനം സുരക്ഷിതമാക്കൽ ,ഓർഗാനിക് സർട്ടിഫിക്കേഷൻ എന്നിവയ്ക്ക് പിന്തുണ നൽകി വരുന്നു .

കാർബൺ തുലിത കൃഷി രീതികൾ പ്രോത്സാഹിപ്പിക്കൽ , കാര്യക്ഷമമായ ജല ഉപയോഗം, പുനരുപയോഗ ഊർജ സ്രോതസ്സുകളുടെ ഉപയോഗം, വനവൽക്കരണ സംരംഭങ്ങൾ, ജൈവ-പ്രകൃതി സൗഹൃദ സംരംഭങ്ങൾ, മണ്ണിന്റെ ആരോഗ്യം പുനഃസ്ഥാപിക്കൽ എന്നിവയാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്ന മറ്റ് പ്രധാന മേഖലകൾ. കാർബൺ തുലിത പ്രവർത്തനങ്ങൾക്ക് പ്രചാരം നൽകുന്നതിന്റെ ഭാഗമായി സ്റ്റേറ്റ് സീഡ് ഫാം ആലുവയെ ഇന്ത്യയിലെ ആദ്യത്തെ കാർബൺ തുലിതാ ജൈവ ഫാം ആയി പ്രഖ്യാപിക്കുകയുണ്ടായി.

**13) കേരരക്ഷാ വാരം** - തെങ്ങിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗ്ഗങ്ങളും കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും നടപ്പിലാക്കുന്ന കേരരക്ഷാ വാരം പദ്ധതി 2022-23 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു.

**14)കൃഷിഭവനുകളിൽ സോഷ്യൽ ഓഡിറ്റ്**

**15) കേരളഗ്രോ ബ്രാൻഡിംഗ്** - സർക്കാർ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന നടീൽ വസ്തുക്കളും ഉൽപ്പന്നങ്ങളും സ്റ്റേറ്റ് ബയോകൺട്രോൾ ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവിക നിയന്ത്രണകാരികളും ഓൺലൈനായി ലഭിക്കത്തക്കവിധം പുതിയ പദ്ധതി നടപ്പിലാക്കി . നിലവിൽ ഇത്തരത്തിലുള്ള 66 ഉൽപ്പന്നങ്ങൾ ഓൺലൈൻ വിപണിയിൽ ലഭ്യമാണ്. "കേരളഗ്രോ" ബ്രാൻഡിംഗ് പദ്ധതിയുടെ ഭാഗമായി, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപറേഷൻ, ഓണാട്ടുകര വികസന ഏജൻസി, ഹോർട്ടികോർപ്പ്, ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കർഷകസംരംഭകർ, എഫ്.പി.ഓ - എഫ്.പി.സി.-കൾ , മറ്റ് കർഷക കൂട്ടായ്മകൾ എന്നിവർ ഉൽപ്പാദിപ്പിക്കുന്ന,

ബ്രാൻഡഡ് ഉൽപ്പന്നങ്ങൾ നിലവിൽ കൃഷി വകുപ്പിന്റെയും, ഹോർട്ടികോർപ്പിന്റെയും, വി.എഫ്.പി.സി.കെ.-യുടെയും നിയന്ത്രണത്തിലുള്ള ഔട്ട് ലെറ്റുകൾ വഴിയും, എല്ലാ ജില്ലകളിലും പുതുതായി ആരംഭിച്ച് കൊണ്ടിരിയ്ക്കുന്ന കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ, ഫാം പ്ലാൻ റീറ്റെയ്ൽ ഔട്ട് ലെറ്റുകൾ വഴിയും ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

**16) കേരളാഗ്രോ ഔട്ട് ലെറ്റ്** -കേരളാഗ്രോ ബ്രാൻഡഡ് ഉല്പന്നങ്ങൾക്ക് മാത്രമായി കേരളാഗ്രോ ഔട്ട് ലെറ്റുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുന്നു. 12 ജില്ലകളിൽ കേരളാഗ്രോ ഔട്ട് ലെറ്റുകൾ സജ്ജമായിട്ടുണ്ട്.

**17) മില്ലറ്റ് കഫേ-** എല്ലാ ജില്ലകളിലും മില്ലറ്റ് കഫേ ആരംഭിക്കുവാനുള്ള നടപടികൾ ആരംഭിച്ചു. 12 മില്ലറ്റ് കഫേകൾ ആരംഭിച്ചു കഴിഞ്ഞു.

**18) കാർബൺ തുലിത കൃഷി വികസനം-** കൃഷിയിടങ്ങളിൽ നിന്നുള്ള കാർബൺ ബഹിർഗമനം കുറക്കുന്നതിനും പരിസ്ഥിതി സൗഹാർദ കൃഷിരീതികൾ അവലംബിക്കുന്നതിനുമുള്ള പദ്ധതികളാണ് ഇതിലൂടെ വിഭാവനം ചെയ്യുന്നത്. ആലുവ സ്റ്റേറ്റ് സീഡ് ഫാം രാജ്യത്തെ പ്രഥമ കാർബൺ തുലിത ഫാം ആക്കി മാറ്റിയിട്ടുണ്ട്.

**19) കൃഷി സമൃദ്ധി** - '**ഞങ്ങളും കൃഷിയിലേക്ക്**' കാമ്പയിനിന്റെ തുടർച്ചയായി "**കൃഷി സമൃദ്ധി**" ആവിഷ്കരിച്ചു. കൃഷി സമൃദ്ധിയുടെ ഭാഗമായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ നിലവിലുള്ള എല്ലാ പദ്ധതികളും അനുബന്ധ വകുപ്പുകളുടെ സാധ്യമായ പദ്ധതികളും തിരഞ്ഞെടുത്ത പഞ്ചായത്തുകളിൽ ഫലാധിഷ്ഠിതമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. വിവിധ ഇടപെടലുകളിലൂടെ പ്രധാന വിളകളുടെ ഉൽപ്പാദനക്ഷമതയും ലാഭക്ഷമതയും മെച്ചപ്പെടുത്തുന്നതിനാണ് പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്.

**20)** സമഗ്ര കൂൺ ഗ്രാമം പദ്ധതിയുടെ ആദ്യ ഘട്ടമായി 20 കൂൺഗ്രാമങ്ങൾ നടപ്പിലാക്കി വരുന്നു. 100 ചെറുകിട കൂൺ ഉത്പാദന യൂണിറ്റുകൾ, 2 വൻകിട കൂൺ ഉത്പാദന യൂണിറ്റുകൾ, 1 കൂൺ വിത്തുൽപ്പാദന യൂണിറ്റ്, 3 കൂൺ സംസ്കരണ യൂണിറ്റുകൾ, 2 പായ്ക്ക് ഹൗസുകൾ, 10 കമ്പോസ്റ്റ് ഉൽപ്പാദന യൂണിറ്റുകൾ എന്നിവ ചേർന്നതാണ് ഒരു സമഗ്ര കൂൺ ഗ്രാമം.

**21)** കേരളീയ ഗൃഹങ്ങളിൽ ഫല വൃക്ഷ പോഷക തോട്ടങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി (Scheme for promoting establishment of fruit nutrition gardens in homesteads of Kerala) നടപ്പിലാക്കി വരുന്നു. നടപ്പ്സാമ്പത്തിക വർഷത്തിൽ 1000 ഹെക്ടർ സ്ഥലത്തു പദ്ധതി നടപ്പിലാക്കുവാണ് ലക്ഷ്യമിടുന്നത്. കയറ്റുമതി അധിഷ്ഠിത വാഴക്കൃഷി വികസിപ്പിക്കുന്നതിനുള്ള പദ്ധതി (Programme on Developing

export-oriented cultivation practises of Banana for enhancing quality -Production and export in Kerala)യും നടപ്പിലാക്കി വരുന്നു. 1250 ഹെക്ടർ സ്ഥലത്തു നടപ്പിലാക്കുന്ന പദ്ധതിയിൽ 1250 ha വാഴക്കൃഷി വ്യാപനത്തിനുള്ള ആനുകൂല്യം നൽകുന്നു. 2 ഇന്റഗ്രേറ്റഡ് പാക്ക്ഹൗസിനു 35 ലക്ഷം രൂപയും, ശീതീകരണ സൗകര്യമുള്ള 3 വാനുകൾ വാങ്ങാനായി 27.3 ലക്ഷം രൂപയും പരിശീലനപരിപാടികൾക്കായി 25 ലക്ഷം രൂപയും വകയിരുത്തിയിരിക്കുന്നു.

**22**) സംസ്ഥാനത്ത് പഴംപച്ചക്കറി വിളകളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് മുളക്, തക്കാളി, വഴുതന, വെണ്ട, തണ്ണിമത്തൻ എന്നീ വിളകളുടെ ഹൈബ്രിഡ് വിത്തുൽപാദനം IIHR, കേരള കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു. ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പാക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതി.

(ബി) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കൃഷി വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്നും എത്ര കോടി രൂപയുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്; അതിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; കണക്കുകൾ ലഭ്യമാക്കാമോ;

(ബി) 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കൃഷി വകുപ്പിന് കേന്ദ്രസർക്കാരിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ലഭിച്ച തുകയും ചിലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| **സാമ്പത്തിക വർഷം** | **കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച തുക** | **ചിലവഴിച്ച തുക** |
|---|---|---|
| 2023-24 | 60.34 കോടി | 60.34 കോടി |
| 2024-25 ഒന്നാം ഗഡു | 44.18 കോടി | 40.00 കോടി |
| 2024-25 സ്പർശിലൂടെ ലഭിച്ച രണ്ടാം ഗഡു | 61.45 കോടി | 4.716 കോടി |

2024-25 സാമ്പത്തിക വർഷം `സ്പർശ്` എന്ന പുതിയ ഫണ്ട് ഫ്ലോ മാതൃകയിൽ രണ്ടാം ഗഡു അനുവദിച്ചിട്ടുണ്ട്. പി.എഫ്.എം.എസ്-ട്രഷറി-റിസർവ് ബാങ്ക് എന്നിവയുടെ സംയോജിത സമ്പ്രദായത്തിലൂടെ ആണ് ഇനി മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി ഫണ്ട് ലഭ്യമാകുക. രണ്ടാം ഗഡുവായി ഈ സാമ്പത്തിക വർഷം കേന്ദ്രം സ്പർശിലൂടെ മദർ സാങ്ഷൻ നൽകിയ തുക 61.45 കോടി രൂപയാണ്.

2023-24 സാമ്പത്തിക വർഷം മണ്ണ് പര്യവേഷണവിഭാഗത്തിന് ഫണ്ട് ലഭിച്ചിട്ടില്ല. 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ പദ്ധതിയായ ആർ കെ വി വൈ എൻ എം എസ്എ സോയിൽ ഹെൽത്ത് കാർഡ് പദ്ധതിക്ക് നോഡൽ

| | | | |
|---|---|---|---|
| | | | വകുപ്പായ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന 26.50500 ലക്ഷം രൂപ ലഭിക്കുകയും ആയതു മുഴുവനും ചെലവാക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയ്ക്ക് കേന്ദ്ര സർക്കാറിൽ നിന്നും കേന്ദ്രവിഷ്കൃത പദ്ധതിയായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതി 2023-24 സാമ്പത്തിക വർഷത്തിൽ 18.09 കോടി രൂപ ലഭിച്ചിട്ടുണ്ട്. 18.03 കോടി രൂപ ചെലവഴിക്കുകയും ചെയ്തു. 2024-25 സാമ്പത്തിക വർഷത്തിൽ 19.152 കോടി രൂപ ലഭിച്ചു 16.736 കോടി രൂപ വിനിയോഗിച്ചു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയ്ക്കായി കേന്ദ്ര വിഹിതമായി അനുവദിച്ച 83.430 ലക്ഷം രൂപയിൽ 67.82 ലക്ഷം രൂപ ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്ര വിഹിതമായി അനുവദിച്ച 49.38216 ലക്ഷം രൂപയിൽ 49.355028 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത വർഷങ്ങളിൽ പ്ലാൻ ഫണ്ടിന്റെ എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്; കണക്ക് ലഭ്യമാക്കാമോ; | (സി) | 2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാനവിഷ്കൃത പദ്ധതികൾക്കുള്ള പ്ലാൻ ഫണ്ടിന്റെ 77 ശതമാനം ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ സംസ്ഥാനവിഷ്കൃത പദ്ധതികൾക്കായി 616.21 കോടി രൂപയാണ് വകയിരുത്തിയിരുന്നത്. പദ്ധതി പുനക്രമീകരണത്തിനു ശേഷം 'ആർ.ഐ.ഡി.എഫ് പദ്ധതിയിലൂടെ അടിസ്ഥാനസൗകര്യ വികസനം' എന്ന പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുള്ള 10.00 കോടി രൂപയും, 'കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി (കേര)'യ്ക്കു വകയിരുത്തിയിട്ടുള്ള 100.00 കോടി രൂപയുംഒഴിച്ചുള്ള തുകയായ 506.21 കോടി രൂപയുടെ പദ്ധതികളെ പുനക്രമീകരിക്കുകയും, ഇവയ്ക്കുള്ള തുക 287.16 കോടി രൂപയായി നിശ്ചയിക്കുകയും ചെയ്തു. ഈ തുകയിൽ നിന്നും നാളിതുവരെ 253.29 കോടി രൂപ (93.44 ശതമാനം) തുക ചെലവഴിക്കുകയും ചെയ്തു.<br><br>2023-24 സാമ്പത്തിക വർഷത്തിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് പ്ലാൻ ഫണ്ടിന്റെ 57.5 ശതമാനം ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ നിലവിൽ വകുപ്പ് പ്ലാൻ ഫണ്ടിന്റെ 51.0 ശതമാനം ഫണ്ട് വിനിയോഗിച്ചിട്ടുണ്ട്.<br><br>2023-24, വർഷത്തിൽ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരളയ്ക്ക് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിക്ക് (MIDH) ലഭിച്ച പ്ലാൻ ഫണ്ട് തുകയുടെ 99.69 ശതമാനം ചെലവഴിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ നാളിതു വരെ പ്ലാൻ ഫണ്ടിന്റെ 87.38 ശതമാനം ചെലവഴിച്ചിട്ടുണ്ട്. |

<table>
<tr><td></td><td></td><td></td><td>2023-24 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ കേരള മുഖേന രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയ്ക്കായി (RKVY) അനുവദിച്ച തുകയുടെ 81.28% വും, 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിച്ച തുകയുടെ 99.94% വും ചെലവഴിച്ചിട്ടുണ്ട്.<br><br>പ്ലാൻ തുകയുടെ കണക്ക് ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>വർഷം</th><th>പദ്ധതി</th><th>ലഭിച്ച തുക (ലക്ഷം രൂപ)</th><th>ചെലവഴിച്ച തുക (ലക്ഷം രൂപ)</th></tr>
<tr><td rowspan="2">2023-24</td><td>MIDH</td><td>1206.089</td><td>1202.396</td></tr>
<tr><td>RKVY</td><td>55.62</td><td>45.21</td></tr>
<tr><td rowspan="2">2024-25</td><td>MIDH</td><td>1276.834</td><td>1115.793</td></tr>
<tr><td>RKVY</td><td>32.921</td><td>32.903</td></tr>
</table>
</td></tr>
<tr><td>(ഡി)</td><td>പ്രസ്തുത വർഷങ്ങളിൽ കർഷകർക്ക് എത്ര രൂപയുടെ കൃഷി നഷ്ടം ഉണ്ടായിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;</td><td>(ഡി)</td><td>2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് 2391.3159 കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. പ്രസ്തുത തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.</td></tr>
<tr><td>(ഇ)</td><td>കൃഷിനാശം സംഭവിച്ച എല്ലാ കർഷകർക്കും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?</td><td>(ഇ)</td><td>കൃഷി നാശം സംഭവിച്ച കർഷകർക്ക് ഈ സാമ്പത്തിക വർഷം സംസ്ഥാന വിഹിതത്തിൽ നിന്നുള്ള നഷ്ടപരിഹാര ധന സഹായമായി 524.98 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ഈ സാമ്പത്തിക വർഷം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധന സഹായമായി 370.27 ലക്ഷം രൂപയും, വിള ഇൻഷുറൻസ് നഷ്ടപരിഹാരമായി 401.11 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ

അനുബന്ധം

കാർഷിക മേഖലയിലെ ജില്ല തിരിച്ചുള്ള കൃഷി നാശത്തിന്റെ കണക്കുകൾ

| വർഷം | ക്രമ .നമ്പർ | ജില്ല | നാശനഷ്ടത്തിന്റെ തോത് (ലക്ഷത്തിൽ ) |
|---|---|---|---|
| 2023-24 | 01 | ആലപ്പുഴ | 13548.73 |
| | 02 | എറണാകുളം | 7372.04 |
| | 03 | ഇടുക്കി | 2275.62 |
| | 04 | കണ്ണൂർ | 3263.83 |
| | 05 | കാസറഗോഡ് | 1472.81 |
| | 05 | കൊല്ലം | 2828.85 |
| | 07 | കോട്ടയം | 2854.5 |
| | 08 | കോഴിക്കോട് | 3538.86 |
| | 09 | മലപ്പുറം | 6093.59 |
| | 10 | പാലക്കാട് | 5861.47 |
| | 11 | പത്തനം തിട്ട | 2421.14 |
| | 12 | തിരുവനന്തപുരം | 7576.62 |
| | 13 | തൃശ്ശൂർ | 12131.93 |
| | 14 | വയനാട് | 7444.37 |
| | **ആകെ** | | **78684.36** |
| | 01 | ആലപ്പുഴ | 17919.79 |
| | 02 | എറണാകുളം | 8362.97 |
| | 03 | ഇടുക്കി | 43836.87 |
| | 04 | കണ്ണൂർ | 7593.13 |
| | 05 | കാസറഗോഡ് | 1973.69 |
| | 05 | കൊല്ലം | 2695.04 |

| | | | |
|---|---|---|---|
| 2024-25 | 07 | കോട്ടയം | 8215.87 |
| | 08 | കോഴിക്കോട് | 7984.3 |
| | 09 | മലപ്പുറം | 9408.79 |
| | 10 | പാലക്കാട് | 12890.24 |
| | 11 | പത്തനം തിട്ട | 3247.11 |
| | 12 | തിരുവനന്തപുരം | 6899.41 |
| | 13 | തൃശ്ശൂർ | 16223.48 |
| | 14 | വയനാട് | 13196.54 |
| | **ആകെ** | | **160447.23** |